കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

പാന്തൂർ ബ്ലോക്ക് പഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2025-2026

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ എസ് എ / കെ എൻ ആർ /സി 11/949/25

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 07/10/2026
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പാന്തൂർ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : പാന്തൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2025-2026 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാന്തൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2025-2026 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1.ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (എയിംസിൽ)
2.ജോയിന്റ് ഡയറക്ടർ, എൽ എസ് ജി ഡി, കണ്ണൂർ (ഇ-മെയിൽ)
3.ഓഫീസ് കോപ്പി

നമ്പർ: കെ എസ് എ / കെ എൻ ആർ /സി 11/949/25 തീയ്യതി: 07/10/2026

കണ്ണൂർ ജില്ലയിലെ പാന്തൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2025-2026 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ പാന്തൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2025-2026 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 07-07-2025 മുതൽ 18-06-2026 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2025 മുതൽ 31-03-2026 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 25-06-2026 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ ശ്രീഹരി മിത്രൻ	സീനിയർ ഡെപ്യൂട്ടി ഡയറക്ടർ	19-06-2026	25-06-2026

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
19-06-2026	25-06-2026

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ ഷിജു എ, ഓഡിറ്റ് ഓഫീസർ
ശ്രീ. ആൽബർട്ട്ജോസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി. ജിജില ടി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. അഖിൽ മോഹൻ ടി, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശൈലജ . എ	പ്രസിഡന്റ്	01-04-2025	20-12-2025
പ്രസീത . എൻ	പ്രസിഡന്റ്	21-12-2025	31-03-2026
തോമസ് . ടി. ഡി	സെക്രട്ടറി	01-04-2025	31-03-2026

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ഷൈന വൽസൻ	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2025	31-03-2026
ഷൈജു .	വ്യവസായ വികസന ഓഫീസർ	01-04-2025	31-03-2026
അശ്വതി ഭരതൻ	മെഡിക്കൽ ഓഫീസർ-സി എച്ച് സി	01-04-2025	31-03-2026
ആശാലത . പി . വി	ശിശുവികസന പ്രോജക്ട് ഓഫീസർ-	01-04-2025	31-03-2026
സീജ എൻ പി	അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻഞ്ചിനീയർ	01-04-2025	31-03-2026
ഷിത സി ആർ	അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ	01-04-2025	31-03-2026
സയീദ നസറിൻ ടി	പട്ടികജാതി വികസന ഓഫീസർ	01-04-2025	31-03-2026
ജസീത റഹ്മാൻ	ഡയറി എക്സ്റ്റൻഷൻ ഓഫീസർ	01-04-2025	31-03-2026

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല	1-1-1
3	കാലികമാക്കിയ ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.	1-1-2
4	റികൺസിലിയേഷൻ സ്റ്റേറ്റ്മെന്റിലെ വ്യത്യാസമുള്ള തുകയുടെ വിശദാംശം ലഭ്യമല്ല.	1-1-3
5	MGNREGS – വിവിധ വരവ് ചെലവ് ഹെഡുകളിൽ രേഖപ്പെടുത്തിയ തുകകൾ സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.	1-1-4
6	ടെണ്ടർ ഫോറം സ്റ്റോക്ക് & സെയിൽ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല	1-1-5
7	ഡിപ്രിസിയേഷൻ കണക്കാക്കിയതിലെ അപാകങ്ങൾ	1-1-6
8	മുൻവർഷം ആസ്തിയായി രേഖപ്പെടുത്തിയ തുക തൻവർഷം ഡെപ്പോസിറ്റായി രേഖപ്പെടുത്തി	1-1-7
9	ആസ്തിമൂല്യങ്ങളായി രേഖപ്പടുത്തിയ തുക ആസ്തി ചെലവ് തുകയുമായി പൊരുത്തപ്പെടുന്നില്ല	1-1-8
10	കാലഹരണപ്പെട്ട ചെക്കുകൾ തനത് ഫണ്ടിലേക്ക് വകയിരുത്തിയില്ല.	1-1-9
11	വിനിയോഗ സാക്ഷ്യപത്രം ലഭ്യമാവാത്ത ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുക അഡ്വാൻസ് ശീർഷകത്തിൽ ചേർക്കാതെ ആസ്തി ശീർഷകത്തിൽ ചേർത്തു.	1-1-10
12	Other Liability Payable - മുന്നിരിപ്പ് തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.	1-1-11
13	Municipal Corporation Fund വരവ് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.	1-1-12
14	ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകളില്ല.	1-1-13
15	Capital Work In Progress - ക്രമീകരിച്ചതിന്റെ വിശദാംശം ലഭ്യമാക്കിയില്ല.	1-1-14
16	Grant From Other Government Agencies - നീക്കിയിരിപ്പ് തുകയിലെ അപാകം	1-1-15
17	ബാങ്ക് ബുക്കിലേയും ബാങ്ക് സ്റ്റേറ്റ്മെന്റിലേയും തുകകൾ പൊരുത്തപെടുന്നില്ല	1-1-16
18	ബഡ്ജറ്റ്	1-2
19	സാമ്പത്തിക വിശകലനം	1-3
20	ഫണ്ട് വിനിയോഗം	1-4
21	പദ്ധതി അവലോകനം	1-5
22	ക്യാഷ് പരിശോധന	1-6
23	ആഭ്യന്തരനിയന്ത്രണം	1-7
24	കമ്മിറ്റികളുടെ പ്രവർത്തനം	1-8
25	പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - പണി പൂർത്തികരിച്ചില്ല	1-9
26	ഔദ്യോഗിക വാഹനത്തിന്റെ മൈലേജ് ടെസ്റ്റ് സർട്ടിഫിക്കറ്റ് ലഭ്യമാക്കിയില്ല ₹1,105 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-10
27	പി എച്ച് സി യിലേക്ക് മരുന്ന് വാങ്ങൽ-മുഴുവൻ മരുന്നും ലഭ്യമായില്ല ₹ 2,94,084 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-11
28	കറവ പശുക്കൾക്ക് കാലിത്തീറ്റ - കർഷകരിൽ നിന്നും അധിക വില ഈടാക്കി	1-12
29	വ്യവസായ എസ്റ്റേറ്റിൽ കുഴൽക്കിണർ നിർമാണം – വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല. ₹ 90000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-13
30	ജീവിതശൈലീ രോഗങ്ങൾക്കുള്ള മരുന്ന് വാങ്ങൽ – മുഴുവൻ മരുന്നും ലഭ്യമായില്ല ₹77,359 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-14
31	പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ - പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല. 77,827 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-15
32	പ്രീമെട്രിക്ക് ഹോസ്റ്റലിലേക്ക് വാട്ടർ പ്യൂരിഫൈയർ വാങ്ങൽ - രേഖകൾ ഹാജരാക്കാത്തതിനാൽ 49999 രൂപ തടസ്സപ്പെടുത്തുന്നു	1-16

33	പട്ടികജാതി വികസന ഓഫീസിൽ പ്രിന്റർ, സ്കാനർ വാങ്ങൽ- അപാകതകൾ - 83497 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-17
34	അസി. എക്സി. എഞ്ചിനീയറുടെ കാര്യാലയത്തിലേക്ക് വാഹനം വാടകക്ക് എടുക്കൽ കൃത്യമായ രേഖകൾ ലഭ്യമല്ല - 386400 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-18
35	ഗാർബേജ് പ്രോസസ്സിംഗ് യൂണിറ്റ് ബ്ലോക്ക് ആർ ആർ എഫ് പദ്ധതി പൂർത്തിയായിട്ടില്ല	1-19
36	പദ്ധതികൾ യഥാസമയം പൂർത്തിയാക്കുന്നില്ല	1-20
37	ബ്ലോക്ക് ആഡിറ്റോറിയം വയറിങ് ആൻഡ് നെറ്റ്വർക്കിങ് (Spill Over Project) അപാകതകൾ	1-21
38	ബ്ലോക്ക് പഞ്ചായത്തിൽ മലിനജല ശുചീകരണ പ്ലാന്റ് (Spill Over) അപാകതകൾ	1-22
ഭാഗം **2**		
--- No Records Found ---		
ഭാഗം **3**		
--- No Records Found ---		
ഭാഗം **4**		
1	മെഡിസെപ് - ജീവനക്കാരിൽ നിന്നും 2025-26 വർഷം പ്രീമിയം തുക ഈടാക്കിയതിന്റെ വിവരം.	4-1
2	വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-2
3	സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം	4-3
4	നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-4
5	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-5
6	വായ്പ / വായ്പാതിരിച്ചടവ്	4-6
7	സ്ഥിര നിക്ഷേപം	4-7
8	ഓഡിറ്റ് റിക്കവറി	4-8
9	സമാഹൃതഓഡിറ്റ്റിപ്പോർട്ട്	4-9
10	ചാർജ് /സർചാർജ് നടപടികളുടെ വിവരം	4-10
11	ഓഡിറ്റ് പ്രത്യവലോകനം	4-11
12	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-12
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	
3	റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്	
4	ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്	
5	ബാലൻസ് ഷീറ്റ്	

ഭാഗം –1

പൊതു അവലോകനം

1–1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1) കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് പാനൂർ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ 29-5-26 ലെ 2(1)/26-27നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 04.06.2026 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള പാനൂർ ബ്ലോക്ക് പഞ്ചായത്തിന്റെ മാർച്ച്, 2026 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2026 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2) C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗ നിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളുടെയും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പാനൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2025-26 സാമ്പത്തിക വർഷത്തേയ്ക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സീനിയർ ഡെപ്യൂട്ടി ഡയക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

കണ്ണൂർ,
തീയതി: 07.10.2026

1–1–1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല

i. 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 62(എഫ്) പ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

ii. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(3) പ്രകാരം വാർഷിക ധനകാര്യ പത്രികയിൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തിയിട്ടില്ല.

1-1-2 കാലികമാക്കിയ ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

B-9 Fixed Assets ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ള ബ്ലോക്ക് പഞ്ചായത്തിന്റെ മുഴുവൻ ആസ്തിവിവരങ്ങളും ഉൾപ്പെടുത്തി കാലികമാക്കിയ ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

1-1-3 റികൺസിലിയേഷൻ സ്റ്റേറ്റ്മെന്റിലെ വ്യത്യാസമുള്ള തുകയുടെ വിശദാംശം ലഭ്യമല്ല.

LGTSB അക്കൗണ്ട് 02/2026 ലെ റികൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ബാങ്ക് ബുക്കിൽ നീക്കിയിരിപ്പായി രേഖപ്പെടുത്തിയ തുകയും പാസ് ബുക്കിൽ രേഖപ്പെടുത്തിയ തുകയും തമ്മിലുള്ള വ്യത്യാസമായി രേഖപ്പെടുത്തിയ തുകകളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

1-1-4 MGNREGS – വിവിധ വരവ് ചെലവ് ഹെഡുകളിൽ രേഖപ്പെടുത്തിയ തുകകൾ സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

അഡ്വാൻസ് രജിസ്റ്റർ പ്രകാരം, എം ജി എൻ ആർ ഇ ജി എസ് ചെലവുകൾക്കായി തൻവർഷം നൽകിയ അഡ്വാൻസ് 841871 രൂപയും, തിരികെ ലഭിച്ചത് 701002 രൂപയുമാണ്. വാർഷികകണക്കിൽ പി-23 പ്രകാരം 1567353 രൂപയാണ് അഡ്വാൻസ് നൽകിയതായി രേഖപ്പെടുത്തിയിട്ടുള്ളത്. തിരികെ ലഭിച്ചതായി രേഖപ്പെടുത്തിയത് R18 പ്രകാരം 724552 രൂപയാണ്. വ്യത്യാസം സംബന്ധിച്ച് മറുപടി ലഭ്യമാക്കിയില്ല. കൂടാതെ റസീപ്റ്റ് & പേയ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ എന്നിവയുടെ മറ്റ് ഹെഡ്സുകളിലും വരവ് ചെലവായി രേഖപ്പെടുത്തിയ തുകകൾ ഏതാണെന്നതിന്റെ വിശദാംശങ്ങളും ലഭ്യമാക്കിയിട്ടില്ല.

1-1-5 ടെണ്ടർ ഫോറം സ്റ്റോക്ക് & സെയിൽ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

വാർഷിക ധനകാര്യ പത്രിക ഷെഡ്യൂൾ RP-5 പ്രകാരം Sale Of Tender Forms ഇനത്തിൽ 34188 രൂപ വരവുണ്ട്. ടെണ്ടർ ഫോറം സ്റ്റോക്ക് & സെയിൽ രജിസ്റ്റർ (2025-26) പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

1-1-6 ഡിപ്രിസിയേഷൻ കണക്കാക്കിയതിലെ അപാകങ്ങൾ

1)തൻവർഷ B9 ഷെഡ്യൂളിൽ വാഹനത്തിന്റെ ആസ്തി മൂല്യം 677313 രൂപയാണെങ്കിലും, B10 ഷെഡ്യൂളിൽ Depreciation ഇനത്തിൽ 787946 രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. ആസ്തിമൂല്യത്തേക്കാൾ കൂടുതൽ ഡിപ്രിസിയേഷൻ രേഖപ്പെടുത്തിയതിന്റെ കാരണം വ്യക്തമല്ല.
2)Furniture, Fixtures, Fittings & Electrical Appliances എന്ന ഇനത്തിലെ ആകെ ഡിപ്രീസിയേഷൻ B10(5070868) മുൻവർഷ ബി11 ഷെഡ്യൂൾ(4457011), തൻവർഷത്തെ – I (18) (813857) എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.
3)ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഉൾപ്പെടാത്ത റോഡുകൾ, വാട്ടർസപ്ലൈ തുടങ്ങിയ ആസ്തികൾക്ക് തൻ വർഷം ഇൻകം & എക്സ്പൻഡിച്ചറിൽ തേയ്മാനക്കിഴിവ് രേഖപ്പെടുത്തിയിട്ടില്ലെങ്കിലും ബാലൻസ് ഷീറ്റിൽ അക്കുമുലേറ്റഡ് ഡിപ്രിസിയേഷൻ കാണിച്ചിട്ടുണ്ട്. കൂടാതെ ഡ്രെയിനേജിന് തൻവർഷം ഇൻകം & എക്സ്പൻഡിച്ചറിൽ തേയ്മാനക്കിഴിവ് രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനം വ്യക്തമല്ല.
4)തൻവർഷത്തെ ആസ്തികൾക്ക് Depreciation രേഖപ്പെടുത്തിയിട്ടുള്ള B-10 ഷെഡ്യൂളിന്റെ ആധികാരികത പരിശോധിക്കാനാവശ്യമായ രേഖകൾ (Calculation Sheets) ലഭ്യമാക്കിയിട്ടില്ല.

1-1-7 മുൻവർഷം ആസ്തിയായി രേഖപ്പെടുത്തിയ തുക തൻവർഷം ഡെപ്പോസിറ്റായി രേഖപ്പെടുത്തി

മുൻവർഷത്തെ Bill (Electricity Micro Hydel Project) ൽ ആസ്തിയായി ഉൾപ്പെടുത്തിയിട്ടുള്ള 16,00,000 രൂപ തൻവർഷം ട്രയൽബാലൻസിൽ Electricity Deposit എന്ന ഇനത്തിൽ മുന്നിരിപ്പായി രേഖപ്പെടുത്തിയതിന്റെ കാരണം വ്യക്തമാക്കിയില്ല.

1-1-8 ആസ്തിമൂല്യങ്ങളായി രേഖപ്പടുത്തിയ തുക ആസ്തി ചെലവ് തുകയുമായി പൊരുത്തപ്പെടുന്നില്ല

Plant & Machinery, Other Fixed Asset, Other Buildings, School Buildings എന്നീ ഹെഡുകളിൽ രേഖപ്പെടുത്തിയ ആകെ ആസ്തിമൂല്യങ്ങൾ, തൻവർഷ P-18, മുൻവർഷ B-11 എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

1-1-9 കാലഹരണപ്പെട്ട ചെക്കുകൾ തനത് ഫണ്ടിലേക്ക് വകയിരുത്തിയില്ല.

ബാലൻസ് ഷീറ്റിൽ B-8 ഷെഡ്യൂൾ Liability In Respect Of Stale Cheque ഇനത്തിൽ ബാധ്യതയായി രേഖപ്പെടുത്തിയ ₹91474 യിൽ, കാലഹരണപ്പെട്ട ചെക്കുകൾ ഉൾപ്പെടുന്നുണ്ടെങ്കിലും ആയത് തനത് ഫണ്ടിലേക്ക് വകയിരുത്തിയില്ല.

1-1-10 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാവാത്ത ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുക അഡ്വാൻസ് ശീർഷകത്തിൽ ചേർക്കാതെ ആസ്തി ശീർഷകത്തിൽ ചേർത്തു.

ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റിൽ ഡെപ്പോസിറ്റ് ചെയ്ത 90,000 രൂപ (പ്രോജക്ട് നമ്പർ 117/26, വ്യവസായ എസ്റ്റേറ്റിൽ കുഴൽ കിണർ നിർമ്മാണം) യുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ലെങ്കിലും, ടി തുക ബി 18 ഷെഡ്യൂളിൽ ഉൾപ്പെടുത്താതെ ആസ്തിയായി രേഖപ്പെടുത്തി.

1-1-11 Other Liability Payable - മുന്നിരിപ്പ് തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

ബി 8 ഷെഡ്യൂളിൽ Other Liability Payable എന്ന ഹെഡിൽ രേഖപ്പെടുത്തിയ 33424 രൂപയിൽ, മുന്നിരിപ്പ് തുകയായ 34257 രൂപയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

1-1-12 Municipal Corporation Fund വരവ് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

പ്രോജക്ട് നം. 76/2026 - ഗാർബേജ് പ്രോസസിംഗ് യൂണിറ്റ് ബ്ലോക്ക് ആർ ആർ എഫ് എന്ന പദ്ധതി പ്രകാരം, Municipal Corporation Fund ഇനത്തിൽ 2103560 രൂപ ചെലവഴിച്ചിട്ടുണ്ട്. ടി ഗ്രാന്റിന്റെ വരവ് വിവരം വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-13 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകളില്ല.

ജേർണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല. വിവിധ ഡിമാന്റുകളിൽ മുന്നിരിപ്പ്, നീക്കിയിരിപ്പ് എന്നിവയിൽ വ്യത്യാസം വരുത്തുന്നതിനായി ഐ-19, ഷെഡ്യൂളിൽ പ്രയർ പിരീഡ് വരവ് ചെലവായി ഉൾപ്പെടുത്തിയ തുക സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയിട്ടില്ല.

1-1-14 Capital Work In Progress - ക്രമീകരിച്ചതിന്റെ വിശദാംശം ലഭ്യമാക്കിയില്ല.

മുൻ വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ Capital Work In Progress ഇനത്തിൽ രേഖപ്പെടുത്തിയ ₹31,79,228 ക്രമീകരിച്ചതിന്റെ ലെഡ്ജർ പരിശോധിച്ചതിൽ, ₹2,00,000 Depreciation ഹെഡിലേക്കും, ₹13165 Anganwadi Related Services എന്ന ഹെഡിൽ റവന്യൂ ചെലവായും രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ കാരണം വ്യക്തമല്ല.

1-1-15 Grant From Other Government Agencies - നീക്കിയിരിപ്പ് തുകയിലെ അപാകം

B4 - Grant From Other Government Agencies എന്ന ഷെഡ്യൂളിൽ 116291 രൂപ ചെലവഴിക്കാൻ ബാക്കിയുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 114771 രൂപ പാനൂർ ബ്ലോക്ക് പഞ്ചായത്തിന്റെ സോളാർ പാനലിൽ നിന്നും വൈദ്യുതി വിതരണം ചെയ്ത വകയിൽ കെ.എസ്.ഇ.ബി യിൽ നിന്നും ലഭിച്ചതാണെന്നും, ബാക്കിയുള്ള 1520 രൂപ കില ടെയിനിംഗ് പരിപാടിക്കായി ലഭിച്ചതാണെന്നും ഓഡിറ്റ് എൻകയറി (3/22.06.2026) ക്കുള്ള മറുപടിയായി അറിയിച്ചിട്ടുണ്ട്. 114771 രൂപ Grant From Other Government Agencies എന്ന ഷെഡ്യൂളിൽ ഉൾപ്പെടുത്തിയതിന്റെ കാരണം വ്യക്തമല്ല.

1-1-16 ബാങ്ക് ബുക്കിലേയും ബാങ്ക് സ്റ്റേറ്റ്മെന്റിലേയും തുകകൾ പൊരുത്തപ്പെടുന്നില്ല

പാനൂർ ബ്ലോക്ക് പഞ്ചായത്തിന്റെ ട്രഷറി സ്പെഷ്യൽ സേവിംങ്സ് ബാങ്കിലെ ജനറൽ പർപ്പസ് ഫണ്ട് അക്കൌണ്ടിന്റെ (Account Number- 799013000000221) ബാങ്ക് ബുക്ക് പരിശോധിച്ചതിൽ ബാങ്ക് സ്റ്റേറ്റ്മെന്റും ബാങ്ക് ബുക്കും തമ്മിൽ വ്യത്യാസം കണ്ടെത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ചെക്ക് നമ്പർ / തീയതി	ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം തുക പിൻവലിച്ചത് (₹)	ബാങ്ക് ബുക്ക് പ്രകാരം രേഖപ്പെടുത്തിയ തുകകൾ (₹)		വ്യത്യാസം (₹)
1455646/ 03.07.2025	1,15,730	21.07.2025	30330	51630
		29.07.2025	25650	
		31.07.2025	270	
		21.11.2025	7850	
		ആകെ	64100	
1455923/17.02.2026	15,807	06.03.2026	1966	7441
		31.03.2026	6400	
		ആകെ	8366	

618112/08.10.2025	1,41,999	07.10.2025	41650	8000
		10.10.2025	91990	
		27.10.2025	350	
		ആകെ	133999	
1455643/12.06.2025	29,290	10.06.2025	3800	3200
		23.06.2025	22290	
		ആകെ	26090	

വ്യത്യാസത്തിന് കാരണം അറിയിക്കാൻ ആവശ്യപെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (21/24.06.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. ബാങ്ക് ബുക്കിലെയും ബാങ്ക് സ്റ്റേറ്റ്മെന്റിലെയും തുകകൾ പൊരുത്തപ്പെടാത്തതിന് കാരണം വ്യത്യാസം ക്രമീകരിക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കേണ്ടതാണ്.

1–2 ബഡ്ജറ്റ്

വർഷം	2025-26	
	ബജറ്റ് പ്രകാരം	പുതുക്കിയ ബജറ്റ് പ്രകാരം
ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റി തീരുമാനം നമ്പർ/തീയതി	1(1)/24-25 22/03/2025	2(1)/25-26 27/02/2026
ഭരണസമിതി തീരുമാനം നമ്പർ/തീയതി	1(1)/24-25 25 /03/2025	2(1)/25-26 28/02/2026
മുന്നിരിപ്പ്	9128236	8416529
വരവ്	338653000	234452000
ആകെ	347781236	242868529
ചെലവ്	342356000	238492000
നീക്കിയിരിപ്പ്	5425236	4376529

1–3 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	₹7104786
വരവ്	₹37238288
ആകെ	₹44343074
ചെലവ്	₹37536150
നീക്കിയിരിപ്പ്	₹6806924
വരവിനങ്ങളിലെ നഷ്ടം	0
ചെലവിനങ്ങളിലെ നഷ്ടം	0
തടസ്സപ്പെടുത്തിയ തുക	₹1060271

1–4 ഫണ്ട് വിനിയോഗം

ഫണ്ട് ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ് /ലാപ്സ് ആയ തുക
വികസന ഫണ്ട്-ജനറൽ	0	11420000	11420000	11419645	355
വികസന ഫണ്ട്-എസ്.സി.പി	0	704600	704600	676999	27601
മെയിന്റനൻസ്, നോൺ-റോഡ്	0	5058000	5058000	3647864	1410136
സെൻട്രൽ ഫിനാൻസ് കമ്മീഷൻ -ടൈഡ് ഗ്രാന്റ്	1145125	1826500	2971625	2514455	457170
സെൻട്രൽ ഫിനാൻസ് കമ്മീഷൻ - അൺ ടൈഡ് ഗ്രാന്റ്	54271	2435000 + 36529 (പലിശ) = 2471529	2525800	1266097	1259703

ഹെൽത്ത് ഗ്രാന്റ്	3302300	82583 (പലിശ)	3384883	1116649	2268234
ടി.എസ്.സി	520985	0	520985	0	520985
M.P L.A.D ഫണ്ട്	0	627167	627167	627167	0
മുനിസിപ്പൽ കോർപ്പറേഷൻ ഗ്രാന്റ്	0	2103560	2103560	2103560	0
ഇലക്ഷൻ	0	600000	600000	600000	0
കേരളോത്സവം	0	10000	10000	10000	0
ലിറ്ററസി	0	24000	24000	24000	0
കില ട്രയിനിംഗ്	0	1520	1520	0	1520

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
99	56495167	82	29449005	17	10	55	49.1

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരങ്ങൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ	ആകെ പദ്ധതികളുടെ എണ്ണം	നടപ്പാക്കിയ പദ്ധതികളുടെ എണ്ണം	പദ്ധതി അടങ്കൽ (₹)	പദ്ധതി ചെലവ് (₹)	ചെലവ് ശതമാനം
ശിശു വികസന പദ്ധതി ഓഫീസർ	7	7	2631652	1692852	64.32
സെക്രട്ടറി	42	33	29461393	15231570	51.7
മെഡിക്കൽ ഓഫീസർ, പി എച്ച് സി	15	12	4676213	2685472	57.42
പട്ടികജാതി വികസന ഓഫീസർ	9	9	1044604	640645	61.32
കൃഷി അസിസ്റ്റന്റ് ഡയറക്ടർ	5	4	1542764	675469	43.78
ക്ഷീര വികസന ഓഫീസർ	4	4	2375000	1350534	56.86
വ്യവസായ വികസന ഓഫീസർ	1	0	2175000	0	0
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ	8	6	7030983	4023382	57.22
അസിസ്റ്റന്റ് എഞ്ചിനീയർ	8	7	5557558	3149081	56.66
ആകെ	99	82	56495167	29449005	52.12

1–6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.06.2026 തീയതിയിൽ 3.00 PM ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധന സമയത്ത് ക്യാഷ് ബാലൻസ് ഉണ്ടായിരുന്നില്ല.

1–7 ആഭ്യന്തരനിയന്ത്രണം

ബ്ലോക്ക് പഞ്ചായത്തിൽ വിവിധ സെക്ഷനുകളുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും നിർണയിച്ചുകൊണ്ട് ജോലി വിഭജനരേഖ തയ്യാറാക്കിയിട്ടുണ്ട്. ഓഫീസ് ഉത്തരവുകളിലൂടെ ആവശ്യമായ മാറ്റങ്ങൾ വരുത്തുകയും നിർദ്ദേശങ്ങൾ നല്കുകയും ചെയ്യുന്നുണ്ട്. സ്റ്റാഫ് മീറ്റിങ്ങുകൾ ചേർന്ന് ഓഫീസിന്റെ പ്രവർത്തനം വിലയിരുത്തുന്നുണ്ട്. രേഖകളും രജിസ്റ്ററുകളും അനുബന്ധ ഫയലുകളും മെച്ചപ്പെട്ട രീതിയിൽ സൂക്ഷിച്ചുവരുന്നു. പൊതുവിൽ ബ്ലോക്ക് പഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം തൃപ്തികരമാണ്.

1–8 കമ്മിറ്റികളുടെ പ്രവർത്തനം

വർക്കിംഗ് ഗ്രൂപ്പ് ജനറൽ ബോഡി 13-01-25 ന് ചേരുകയും 2025-26 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട പ്രോജക്ടുകളെ കുറിച്ച് ചർച്ച ചെയ്യുകയും നിർദ്ദേശങ്ങൾ മിനുട്സിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. യോഗത്തിൽ 97 പ്രതിനിധികൾ പങ്കെടുത്തിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ ചർച്ച ചെയ്ത് അംഗീകരിച്ച പദ്ധതി നിർദ്ദേശങ്ങൾ 4-2-25 ലെ വികസന സെമിനാറിൽ അവതരിപ്പിച്ചിട്ടുണ്ട്. വികസന സെമിനാറിൽ 134 പ്രതിനിധികൾ പങ്കെടുത്തിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള 4 ഗ്രാമ പഞ്ചായത്തുകളിലേയും പ്രസിഡണ്ട്, വൈസ് പ്രസിഡണ്ട്, സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാൻമാർ,അംഗങ്ങൾ, ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതി അംഗങ്ങൾ, ആസൂത്രണ സമിതി അംഗങ്ങൾ, നിർവഹണ ഉദ്യോഗസ്ഥൻമാർ എന്നിവരുൾപ്പെടെ 82 പേർ പങ്കെടുത്ത ബ്ലോക്ക് ഗ്രാമ സഭ 20-1-25 -ന് യോഗം ചേർന്നിട്ടുണ്ട്. വിവിധ സ്റ്റാന്റിങ്ങ് കമ്മിറ്റികൾ എല്ലാമാസവും യോഗം ചേരുകയും മിനുട്സുകൾ തയ്യാറാക്കി സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്. 2025-26 വർഷം പ്രൊക്യൂർമെന്റ് കമ്മിറ്റി കൃത്യമായ ഇടവേളകളിൽ യോഗം ചേരുകയും പ്രൊജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ വാങ്ങലുകളിൽ തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പ് ജനറൽ ബോഡി, ബ്ലോക്ക് ഗ്രാമ സഭ തുടങ്ങിയ യോഗങ്ങളുടെ മിനുട്സ് ബന്ധപ്പെട്ടവർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

1–9 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനമുറി – പണി പൂർത്തികരിച്ചില്ല

നിർവഹണ ഉദ്യോഗസ്ഥൻ	പട്ടികജാതി വികസന ഓഫീസർ
പ്രോജക്ട് നമ്പർ, പേര്	65/2026, പട്ടികജാതി വിദ്യാർഥികൾക്ക് പഠന മുറി
അടങ്കൽ	₹380000 (വികസന ഫണ്ട്, എസ് സി പി)
ചെലവ്	ആകെ =₹3,40,000 BRN:252207630069007408 55/21.10.2025=₹60,000 BRN:252207630069008936 20/20.11.2025=₹1,40,000 BRN:252207630069011759 99/16.01.2025=₹60,000 BRN:252207630069014530 20/04.03.2026=₹80,000

വാസയോഗ്യമായ വീടുള്ള പട്ടികജാതി വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുകയും അവരുടെ സാമൂഹിക-സാമ്പത്തിക ഉന്നമനം ഉറപ്പാക്കുകയും ചെയ്യുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. 800 ചതുരശ്ര അടിയിൽ അധികരികാത്ത നിലവിലെ വീടിനോട് ചേർന്ന് 120 ചതുരശ്ര അടി വിസ്തീയിലാണ് പഠനമുറി നിർമ്മിക്കേണ്ടത്. പഠനമുറി നിർമ്മിക്കുന്നതിന് എഗ്രിമെന്റ് വച്ചശേഷം 30,000 രൂപ മുൻകൂറായി നൽകാം. തുടർന്ന് നിർവഹണ ഉദ്യോഗസ്ഥന്റെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബേസ്മെന്റ് പൂർത്തിയാക്കുമ്പോൾ 60,000രൂപ, മേൽക്കൂര പൂർത്തിയാക്കുമ്പോൾ 80,000 രൂപയും പണി പൂർണമായും പൂർത്തീകരിച്ച് വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് അവസാന ഗഡുവായി ₹30,000 ഉൾപ്പെടെ പരമാവധി ₹2,00,000 വരെ ധനസഹായം അനുവദിക്കാവുന്നതാണ്.

മേൽ പദ്ധതിയുടെ ഭാഗമായി ഭരണ സമിതി അംഗീകരിച്ച ഗുണഭോക്താക്കളായ ശ്രീമതി ദിവ്യ പി, ശ്രീമതി പ്രേമകുമാരി വി കെ എന്നിവർക്ക് പഠന മുറി നിർമ്മിക്കുന്നതിന് 1,70,000 രൂപ വീതം ആകെ 3,40,000 രൂപ മേൽ ബിൽ നമ്പർ പ്രകാരം ചെലവഴിച്ചിട്ടുണ്ട്. പദ്ധതിയുടെ പരിശോധനയിൽ ചുവടെ പറയുന്ന അപാകതകൾ കണ്ടെത്തി.

1) ഗുണഭോക്താവായ ശ്രീമതി ദിവ്യ പി എന്നവർ പഠനമുറി പൂർത്തീകരിച്ച വാല്വേഷൻ സർട്ടിഫിക്കറ്റ്

ഹാജരാക്കിയിട്ടുണ്ടെങ്കിലും പണി പൂർത്തീകരിച്ചത് നിർവഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപെടുത്തുകയോ പ്രസ്തുത ഗുണഭോക്താവിന് അവസാന ഗഡുവായ 30,000 രൂപ നൽകുകയോ ചെയ്തിട്ടില്ല.

2) ഗുണഭോക്താവായ ശ്രീമതി പ്രേമകുമാരി വി. കെ. യുടെ പഠനമുറി നിർമ്മാണം ഓഡിറ്റ് തീയതി വരെ പൂർത്തീകരിച്ചിട്ടില്ല. ഗുണഭോക്താവ് ഒന്നാം കക്ഷിയായും പട്ടികജാതി വികസന ഓഫീസർ രണ്ടാം കക്ഷിയായും 23.10.2025-ന് ചമച്ച കരാർ പ്രകാരം പഠനമുറിയുടെ നിർമ്മാണം കരാർ തീയതി മുതൽ മൂന്ന് മാസത്തിനകം പൂർത്തിയാക്കേണ്ടതായിരുന്നു. എന്നാൽ പ്രസ്തുത വ്യവസ്ഥ പാലിക്കപ്പെട്ടിട്ടില്ല.

3) പദ്ധതിയുടെ ഭാഗമായി ഗുണഭോക്താക്കളുമായി ചമച്ച കരാറുകളിൽ രണ്ടാം കക്ഷിയായ പട്ടികജാതി വികസന ഓഫീസറുടെ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല.
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (04/22.06.2026) മറുപടിയായി ശ്രീമതി ദിവ്യ പി എന്നവർ പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിരുന്നുവെങ്കിലും ഫണ്ട് ലഭ്യതയുടെ അപര്യാപ്തത മൂലം തുക അനുവദിച്ചിട്ടില്ലയെന്നും നിർവഹണ ഉദ്യോഗസ്ഥൻ കരാറിൽ ഒപ്പ് വെക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്നും അറിയിച്ചിട്ടുണ്ട്. ശ്രീമതി ദിവ്യ പി. യുടെ പഠനമുറി നിർമ്മാണം പൂർത്തീകരിച്ചതായി നിർവഹണ ഉദ്യോഗസ്ഥൻ പരിശോധന നടത്തി സാക്ഷ്യപ്പെടുത്തുകയും അർഹമായ ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. കൂടാതെ, ശ്രീമതി പ്രേമകുമാരി വി. കെ. യുടെ പഠനമുറി നിർമ്മാണം പൂർത്തീകരിച്ചതിന്റെ രേഖകളും ഗുണഭോക്താക്കളുമായി ചമച്ച കരാറുകളിൽ പട്ടികജാതി വികസന ഓഫീസർ ഒപ്പ് രേഖപ്പെടുത്തിയതിന്റെ വിശദാംശങ്ങളും ഓഡിറ്റിന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1–10 ഔദ്യോഗിക വാഹനത്തിന്റെ മൈലേജ് ടെസ്റ്റ് സർട്ടിഫിക്കറ്റ് ലഭ്യമാക്കിയില്ല ₹1,105 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

1. ഫയൽ നമ്പർ: 3801116-2025 (വാഹന മൈലേജ് പരിശോധന).
2. പാനൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 13-08-2025 തീയതിയിലെ ഉത്തരവ്.
3. ഇ-ചെലാൻ നമ്പർ: KL021519302202526M (തുക: ₹1,105/-).
4. അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ, PWD മെക്കാനിക്കൽ സബ് ഡിവിഷൻ, കണ്ണൂർ എന്നിവർക്ക് അയച്ച കത്ത് (തീയതി: 23-08-2025).

പാനൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ ഔദ്യോഗിക വാഹനമായ KL 58 A H 9516 (Kia Carens കാർ) മൈലേജ് ടെസ്റ്റിന് വിധേയമാക്കുന്നതുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന വിവരങ്ങൾ ശ്രദ്ധയിൽപ്പെട്ടു.

വാഹനത്തിന്റെ മൈലേജ് ടെസ്റ്റ് നടത്തുന്നതിലേക്കായി ₹1,105 (ആയിരത്തി ഒരുന്നൂറ്റി അഞ്ച് രൂപ) 1054-00-800-97-00 (Other Items) എന്ന അക്കൗണ്ട് ഹെഡിൽ നിന്നും Own Fund (LGTSB A/C No. 799013000000221) മുഖേന ഇ-ചെലാൻ വഴി അസിസ്റ്റന്റ് എഞ്ചിനീയർ, PWD മെക്കാനിക്കൽ സബ് ഡിവിഷൻ, കണ്ണൂർ എന്ന പേരിൽ ഒടുക്കിയിട്ടുണ്ട്.

പ്രസ്തുത ടെസ്റ്റ് നടത്തുന്നതിനായി 23-08-2025-ൽ ഒറിജിനൽ ചെലാൻ സഹിതം PWD അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർക്ക് കത്ത് അയച്ചിട്ടുള്ളതായും കാണുന്നുണ്ട് .
മേൽപ്പറഞ്ഞ തുക ഒടുക്കി പത്തുമാസത്തിലധികം കഴിഞ്ഞിട്ടും, PWD മെക്കാനിക്കൽ വിഭാഗം അധികാരികൾ ഔദ്യോഗികമായി നൽകിയ മൈലേജ് ടെസ്റ്റ് ഫലം/സർട്ടിഫിക്കറ്റ് (Mileage Test Certificate) ഫയലിൽ ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് 24.06.2026 ന് നൽകിയ 20ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ₹1,105 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1–11 പി എച്ച് സി യിലേക്ക് മരുന്ന് വാങ്ങൽ–മുഴുവൻ മരുന്നും ലഭ്യമായില്ല ₹ 2,94,084 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1	സാമ്പത്തിക വർഷം	2025-26
2	പദ്ധതിയുടെ പേര്	പി എച്ച് സി യിലേക്ക് മരുന്ന് വാങ്ങൽ (47/2026)
3	ഫണ്ട്	സംരക്ഷണ ഗ്രാന്റ് റോഡിതരം
4	മുൻകൂർ അനുവദിച്ച ആകെ തുക	₹ 8,50,000.00

1	സാമ്പത്തിക വർഷം	2025-26
5	വിവിധ കൺസൈൻമെന്റുകളിലൂടെ ചെലവായ തുക	₹ 5,55,916.00 (ആകെ മാറിയ 25 ബില്ലുകളുടെ തുക)
6	ലെഡ്ജർ പ്രകാരം അവശേഷിക്കുന്ന തുക	₹ 2,94,084.00
7	പണം നൽകിയ ഓഫീസ്	മെഡിക്കൽ ഓഫീസർ, പ്രാഥമിക ആരോഗ്യ കേന്ദ്രം, പന്ന്യന്നൂർ
8	പണം സ്വീകരിച്ച ഓഫീസ്	കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ് (KMSCL)
9	ചെലവ്	₹ 8,50,000.00
10	ട്രഷറി ബില്ല് വിവരങ്ങൾ	BRN: 25220763007300747911 (തീയതി: 24-10-2025)
11	പ്രൊഫോർമ ഇൻവോയ്സ് നമ്പർ തീയതി	PRF 1443/23-10-2025

പന്ന്യന്നൂർ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെ 2025-26 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി, പന്ന്യന്നൂർ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന് ആവശ്യമായ മരുന്നുകൾ വാങ്ങുന്നതിനായി ₹8,50,000/- (എട്ട് ലക്ഷത്തി അമ്പതിനായിരം രൂപ) മുൻകൂറായി ട്രാൻസ്ഫർ ക്രെഡിറ്റ് വഴി കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ (KMSCL) അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡിൽ നിന്നും നാളിതുവരെ ലഭ്യമായ മരുന്നിന്റെ വിശദ വിവരം ചുവടെ കൊടുക്കുന്നു.

KMSCL ബിൽ നമ്പർ	ബിൽ തീയതി	വിനിയോഗിച്ച തുക	ബാക്കി തുക
12476	17/11/2025	₹4,468.00	₹8,45,532.00
12540	17/11/2025	₹2,997.00	₹8,42,535.00
12679	18/11/2025	₹1,286.00	₹8,41,249.00
11660	10/11/2025	₹42,000.00	₹7,99,249.00
16588	20/01/2026	₹45,570.00	₹7,53,679.00
16072	15/01/2026	₹45,452.00	₹7,08,227.00
14754	30/12/2025	₹2,583.00	₹7,05,644.00
13869	20/12/2025	₹63,000.00	₹6,42,644.00
18039	10/02/2026	₹47,202.00	₹5,95,442.00
17933	09/02/2026	₹561.00	₹5,94,881.00
18311	12/02/2026	₹34,040.00	₹ 5,60,841.00
18239	11/02/2026	₹1,171.00	₹5,59,670.00
18423	13/02/2026	₹3,858.00	₹5,55,812.00
18828	19/02/2026	₹7,229.00	₹5,48,583.00
18937	20/02/2026	₹16,391.00	₹5,32,192.00
19443	23/02/2026	₹77,554.00	₹4,54,638.00

19465	23/02/2026	₹33,411.00	₹4,21,227.00
20119	28/02/2026	₹6,867.00	₹4,14,360.00
20029	27/02/2026	₹6,700.00	₹4,07,660.00
20491	05/03/2026	₹4,775.00	₹4,02,885.00
21557	24/03/2026	₹39,732.00	₹ 363,153.00
22018	26/03/2026	₹43,573.00	₹ 319,580.00
21310	21/03/2026	₹ 323.00	₹ 3,19,257.00
22356	31/03/2026	₹22,008.00	₹2,97,249.00
329	16/04/2026	₹3,165.00	₹2,94,084.00
ആകെ		₹5,55,916.00	

അന്തിമ ലെഡ്ജർ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ, ഈ ഫണ്ട് വിനിയോഗവുമായി ബന്ധപ്പെട്ട് മുൻകൂർ നൽകിയ ₹8,50,000 രൂപയിൽ നിന്നും വിനിയോഗിച്ച ₹5,55,916 രൂപയ്ക്കുള്ള 25 വ്യത്യസ്ത കൺസൈൻമെന്റ് ബില്ലുകളുടെയും അവ പ്രകാരം ഹോസ്പിറ്റലിൽ യഥാർത്ഥത്തിൽ കൈപ്പറ്റിയ മരുന്നുകളുടെയും ഇൻവോയ്സ് കോപ്പികളും സ്റ്റോക്ക് രജിസ്റ്റർ വിവരങ്ങളും ഓഡിറ്റിനായി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ സാമ്പത്തിക വർഷം കഴിഞ്ഞിട്ടും ബാക്കി നിൽക്കുന്ന ₹2,94,084.00 രൂപയ്ക്കുള്ള മരുന്നുകൾ ലഭ്യമായിട്ടില്ല. ₹2,94,084 രൂപയ്ക്കുള്ള ബാക്കി മരുന്നുകൾ കോർപ്പറേഷൻ നിലവിൽ വിതരണം ചെയ്തിട്ടില്ല എന്നുള്ള വിവരം ഫയലിൽ ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് 24-06-2026 ന് നൽകിയ 18-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മെഡിക്കൽ ഓഫീസർ മറുപടി ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ₹2,94,084 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്ന് ലഭ്യമാകുന്ന മുറക്ക് വിവരം ലഭ്യമാക്കേണ്ടതാണ്.

1-12 കറവ പശുക്കൾക്ക് കാലിത്തീറ്റ – കർഷകരിൽ നിന്നും അധിക വില ഈടാക്കി

നിർവഹണ ഉദ്യോഗസ്ഥൻ	ഡയറി എക്സ്റ്റൻഷൻ ഓഫീസർ
പ്രോജക്ട് നമ്പർ, പേര്	67/26, കറവ പശുക്കൾക്ക് കാലിത്തീറ്റ
അടങ്കൽ	₹900000 (വികസന ഫണ്ട് പൊതുവിഭാഗം) ₹900000 (മറ്റുള്ളവ) ആകെ - 18,00,000
ചെലവ്	₹9,00,000 (വികസന ഫണ്ട് പൊതുവിഭാഗം)

ക്ഷീരസംഘങ്ങൾ വഴി ക്ഷീരകർഷകർക്ക് ഒരു മാസം ഒരു പശുവിന് 100 KG കാലിത്തീറ്റ പരമാവധി 50% സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയത്. സ.ഉ(കൈ) നം 115/2022/ ത.സ്വ.ഭ.വ തീയതി 28.5.2022, 6.3.16 പ്രകാരം ജനറൽ വിഭാഗത്തിന് നൽകാവുന്ന പരമാവധി സബ്സിഡി 50% ആണ്. കറവയുള്ള പശുവിന് ഒരു മാസം പരമാവധി 100 കിലോ കാലിത്തീറ്റ ക്ഷീര സഹകരണ സംഘങ്ങൾ മുഖേന വിതരണം ചെയ്യാവുന്നതാണ്. കേരള ഫീഡ്സ് മിടുക്കി, കേരള ഫീഡ്സ് എലൈറ്റ് എന്നീ കാലീത്തീറ്റകൾ (2 ബാഗ് – 100 കി.ഗ്രാം) മൊകേരി, ചൊക്ലി, വള്ള്യായി, മനേക്കര, തലശ്ശേരി എന്നീ ക്ഷീര സഹകരണ സംഘങ്ങൾ വഴി വിതരണം ചെയ്തപ്പോൾ, സബ്സിഡി നിരക്ക് പരമാവധി 50% ൽ നിജപ്പെടുത്തിയിട്ടുണ്ടെങ്കിലും, കേരള ഫീഡ്സിൽ നിന്നും ലഭ്യമായ വിലയേക്കാൾ അധിക വിലക്കാണ് ക്ഷീര സഹകരണ സംഘങ്ങൾ കാലിത്തീറ്റ കർഷകർക്ക് നൽകിയിട്ടുള്ളത്. കാലിത്തീറ്റ വിതരണം ചെയ്തപ്പോൾ ഗുണഭോക്താക്കളിൽ നിന്നും അധികം തുക ഈടാക്കിയത് സംബന്ധിച്ചും, ഇപ്രകാരം ഉയർന്ന വില നിശ്ചയിക്കാൻ സർക്കാരിൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് ലഭ്യമാക്കുന്നതിനും ഓഡിറ്റ് എൻക്വയറി (12/23.06.2026) നൽകിയതിന് മറുപടിയായി, ഗോഡൗൺ വാടക, കയറ്റിറക്ക് കൂലി, ഹാൻഡ്ലിംഗ് ചാർജ്ജ് എന്നിവ കൂടി ചേർത്താണ് സംഘം വിൽപ്പന നടത്തുന്നത് എന്നാണ് അറിയിച്ചിട്ടുള്ളത്. ഗോഡൗൺ വാടക, കയറ്റിറക്ക് കൂലി, ഹാൻഡ്ലിംഗ് ചാർജ്ജ് എന്നിവക്കായി ക്ഷീര സഹകരണ സംഘങ്ങൾക്ക് കർഷകരിൽ നിന്നും തുക ഈടാക്കുന്നതിനായി സർക്കാർ അനുമതി ലഭിച്ചതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

1–13 വ്യവസായ എസ്റ്റേറ്റിൽ കഴൽക്കിണർ നിർമാണം – വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല. ₹ 90000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

ക്രമ നമ്പർ	പ്രൊജക്ട് വിവരങ്ങൾ	കഴൽക്കിണർ നിർമാണം
1	സാമ്പത്തിക വർഷം	2025-26
2	പദ്ധതിയുടെ പേര്/നമ്പർ	വ്യവസായ എസ്റ്റേറ്റിൽ കഴൽ കിണർ നിർമാണം (പ്രൊജക്ട് നമ്പർ: 117/26)
3	തുക	₹ 90,000.00
4	ചെലവ്	₹ 90,000.00
5	പണം നൽകിയ ഓഫീസ്	പാനൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി
6	പണം സ്വീകരിച്ച ഓഫീസ്	ജില്ലാ ഓഫീസർ, ഭൂജല വകുപ്പ്, കണ്ണൂർ
7	ട്രഷറി അക്കൗണ്ട് നമ്പർ	719011400000020 (SpL TSB A/C)
8	ബില്ല് /ഉത്തരവ് തീയതി	ട്രഷറി ബില്ല് : 25220763007001144493 തീയതി 17-01-2026)
9	ഫണ്ടിന്റെ സ്രോതസ്സ്	വികസന ഫണ്ട് ജനറൽ അക്കൗണ്ട് (3604-00-200-81-04-35-00)

1. പാനൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 16-01-2026 ലെ 239813-2026 നമ്പർ ഉത്തരവ്.

2. പാനൂർ സബ് ട്രഷറിയിൽ നിന്നും 17-01-2026-ൽ മാറിയ ബില്ല് (BRN: 25220763007001144493).

പാനൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2025-26 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി, വ്യവസായ എസ്റ്റേറ്റിൽ കഴൽക്കിണർ നിർമിക്കുന്നതിനായി (പ്രൊജക്ട് നമ്പർ: 117/2026) വികസന ഫണ്ടിൽ നിന്നും 90,000/- രൂപ (തൊണ്ണൂറായിരം രൂപ) ഭൂജല വകുപ്പ് കണ്ണൂർ ജില്ലാ ഓഫീസറുടെ 719011400000020 എന്ന സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ടിലേക്ക് ഡെപ്പോസിറ്റ് വർക്കിനായി ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തതായി കാണുന്നു. പ്രസ്തുത തുക 17-01-2026-ൽ സബ് ട്രഷറി പാനൂർ മുഖേന പൂർണ്ണമായി മാറിക്കൊടുത്തിട്ടുമുണ്ട്.ഡെപ്പോസിറ്റ് വർക്കുകൾക്കായി മറ്റ് വകുപ്പുകൾക്ക് തുക കൈമാറുമ്പോൾ, പ്രസ്തുത തുക നിർദ്ദിഷ്ട ആവശ്യത്തിന് തന്നെ വിനിയോഗിച്ചു എന്ന് ഉറപ്പുവരുത്തുന്നതിനായി ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ ഒപ്പിട്ട വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കേണ്ടതുണ്ട്. എന്നാൽ ഈ തുക കൈമാറി നിശ്ചിത കാലാവധി കഴിഞ്ഞിട്ടും ഇതുവരെയും വിനിയോഗ സാക്ഷ്യപത്രം ഫയലിൽ ലഭ്യമാക്കിയിട്ടില്ല.

ആയതിനാൽ മേൽ പറഞ്ഞ പ്രൊജക്ടിനായി ഭൂജല വകുപ്പിന് കൈമാറിയ 90,000/- രൂപ പൂർണ്ണമായും വിനിയോഗിച്ചു എന്ന് സാക്ഷ്യപ്പെടുത്തുന്ന വിനിയോഗ സാക്ഷ്യപത്രം (UC) ലഭ്യമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് 22-06-2026 ന് നൽകിയ 10-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് സെക്രട്ടറി ലഭ്യമാക്കിയ മറുപടി പ്രകാരം വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ₹90000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1–14 ജീവിതശൈലീ രോഗങ്ങൾക്കുള്ള മരുന്ന് വാങ്ങൽ – മുഴുവൻ മരുന്നും ലഭ്യമായില്ല ₹77,359 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1	സാമ്പത്തിക വർഷം	2025-26
2	പദ്ധതിയുടെ പേര്	ജീവിതശൈലീ രോഗങ്ങൾക്കുള്ള മരുന്ന് വാങ്ങൽ (50/2026)
3	ഫണ്ട്	സംരക്ഷണ ഗ്രാന്റ് റോഡിതരം
4	മുൻകൂർ അനുവദിച്ച തുക	₹ 1,00,000.00
5	വിവിധ ബില്ലുകളിലൂടെ ചെലവായ തുക	₹ 22,641.00 (ആകെ മാറിയ ബില്ലുകളുടെ തുക)
6	ലെഡ്ജർ പ്രകാരം അവശേഷിക്കുന്ന തുക	₹ 77,359.00
7	പണം നൽകിയ ഓഫീസ്	മെഡിക്കൽ ഓഫീസർ, പ്രാഥമിക ആരോഗ്യ കേന്ദ്രം, പന്ന്യന്നൂർ
8	പണം സ്വീകരിച്ച ഓഫീസ്	കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ് (KMSCL)
9	പ്രൊഫോർമ ഇൻവോയ്സ് നമ്പർ/തീയതി	PRF 1446/23-10-2025

1. പന്ന്യന്നൂർ പ്രാഥമിക ആരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസറുടെ T-B130800-25000088 നമ്പരിലുള്ള പ്രൊസീഡിങ്സ് (തീയതി: 24-10-2025).

2. പാനൂർ സബ് ട്രഷറിയിൽ നിന്നും 24-10-2025-ൽ മാറിയ ട്രഷറി ബില്ല് (BRN: 25220763007300747926).

3. ഇൻവോയ്സ് ഫയലിൽ ലഭ്യമാക്കിയിട്ടുള്ള "കാരുണ്യ സ്റ്റാറ്റസ്" മരുന്ന് വിതരണ വിവരങ്ങൾ

പന്ന്യന്നൂർ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെ 2025-26 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി, ജീവിതശൈലീ രോഗങ്ങൾക്കുള്ള മരുന്നുകൾ വാങ്ങുന്നതിനായി ₹ 1,00,000/- (ഒരു ലക്ഷം രൂപ) സൂചന (1, 2) പ്രകാരം മുൻകൂറായി ട്രാൻസ്ഫർ ക്രെഡിറ്റ് വഴി കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ (KMSCL) അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡിൽ നിന്നും നാളിതുവരെ ലഭ്യമായ മരുന്നിന്റെ വിശദ വിവരം ചുവടെ കൊടുക്കുന്നു.

KMSCL ബിൽ നമ്പർ	ബിൽ തീയതി	തുക	ബാലൻസ് തുക
12474	17/11/2025	₹ 1,550.00	₹ 98,450.00
18308	12/02/2026	₹ 5,875.00	₹ 92,575.00
18185	11/02/2026	₹ 915.00	₹ 91,660.00
19478	23/02/2026	₹ 9,149.00	₹ 82,511.00
20073	27/02/2026	₹ 3,482.00	₹ 79029.00
22127	27/03/2026	₹ 1,670.00	₹ 77,359.00

അന്തിമ ലെഡ്ജർ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ, ഈ ഫണ്ട് വിനിയോഗവുമായി ബന്ധപ്പെട്ട് മുൻകൂർ നൽകിയ ₹ 1,00,000/- രൂപയിൽ നിന്നും മാറിയെടുത്ത ₹ 22,641/- രൂപയ്ക്കുള്ള 6 വ്യത്യസ്ത ബില്ലുകളുടെയും (ബിൽ നമ്പറുകൾ: 12474, 18308, 18185, 19478, 20073, 22127) അവ പ്രകാരം കൈപ്പറ്റിയ മരുന്നുകളുടെയും യഥാർത്ഥ ഇൻവോയ്സ് കോപ്പികളും സ്റ്റോക്ക് രജിസ്റ്റർ വിവരങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ സാമ്പത്തിക വർഷം കഴിഞ്ഞിട്ടും ബാക്കി നിൽക്കുന്ന ₹ 77,359.00 രൂപയ്ക്കുള്ള മരുന്നുകൾ ലഭ്യമായിട്ടില്ല. ₹ 77,359.00 രൂപയ്ക്കുള്ള ബാക്കി മരുന്നുകൾ കോർപ്പറേഷൻ നിലവിൽ വിതരണം ചെയ്തിട്ടുണ്ടോ എന്നുള്ള വിവരം ഫയലിൽ ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 17/24-6-26) മെഡിക്കൽ ഓഫീസർ മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്ന് ലഭിച്ച വിവരം ലഭ്യമല്ലാത്തതിനാലും ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കാത്തതിനാലും 77359/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-15 പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ – പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല. 77,827 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥ	സെക്രട്ടറി
പ്രൊജക്ട് നമ്പർ, പേര്	7/2025, പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ – പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ പദ്ധതി
അടങ്കൽ	₹1200000 വികസന ഫണ്ട് (പൊതു വിഭാഗം)
ചെലവ്	₹450757
ഫയൽ നമ്പർ:	3328694-2025

പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ - പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ പദ്ധതിയുടെ ഭാഗമായി താഴെ പറയുന്ന വിധമാണ് തുക ചെലവ് ചെയ്തിട്ടുള്ളത്.

Requisition No.	Claim No.	Amount (₹)	Date Created	Status
A-B130800-25000020	FNCR-00287745	**96,526**	23-07-2025	Approved
A-B130800-25000039	FNCR-00373115	**1,23,560**	18-08-2025	Approved
A-B130800-25000151	FNCR-00840411	**86,027**	16-12-2025	Approved
A-B130800-25000152	FNCR-00840485	**77,827**	16-12-2025	Approved
A-B130800-25000166	FNCR-00897475	**25,950**	03-01-2026	Approved
A-B130800-25000186	FNCR-00963249	**40,867**	21-01-2026	Approved

A-B130800-25000152 നമ്പർ റിക്വിസിഷൻ പ്രകാരം നൽകിയ ₹77,827 യുടെ വിനിയോഗം സംബന്ധിച്ച വിവരം ലഭ്യമല്ല. തുക ആർക്ക് നൽകി എന്നും ഫയലിൽ വ്യക്തതയില്ല. ഇത് സംബന്ധിച്ച് 22-06-2026 ന് നൽകിയ 6 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് സെക്രട്ടറി മറുപടി ലഭ്യമാക്കിയെങ്കിലും 77,827 രൂപയുടെ വിനിയോഗം സംബന്ധിച്ച വിവരം ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ₹77,827 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-16 പ്രീമെട്രിക്ക് ഹോസ്റ്റലിലേക്ക് വാട്ടർ പ്യൂരിഫൈയർ വാങ്ങൽ – രേഖകൾ ഹാജരാക്കാത്തതിനാൽ 49999 രൂപ തടസ്സപ്പെടുത്തുന്നു

നിർവഹണ ഉദ്യോഗസ്ഥൻ	പട്ടികജാതി വികസന ഓഫീസർ

പ്രോജക്ട് നമ്പർ, പേര്	93/2026 (SO), പ്രീമെട്രിക്ക് ഹോസ്റ്റലിലേക്ക് വാട്ടർ പ്യൂരിഫൈയർ വാങ്ങൽ
അടങ്കൽ	₹49999 (വികസന ഫണ്ട് , എസ് സി പി)
ചെലവ്	₹49999 FNCR-00948660-2025 Dated 16.01.2026

ബ്ലോക്ക് പഞ്ചായത്തിന്റെ പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള കതിരൂർ പ്രീമെട്രിക്ക് ഹോസ്റ്റലിലേക്ക് വാട്ടർ പ്യൂരിഫൈയർ വാങ്ങുന്നതിനാണ് പദ്ധതി രൂപീകരിച്ചിട്ടുള്ളത്. മേൽ പദ്ധതിയ്ക്കായി GEM പോർട്ടൽ മുഖാന്തരം (GEMC-511687707602672) വാട്ടർ പ്യൂരിഫയർ വാങ്ങുന്നതിന് 49,999 രൂപ RJ Enterprises എന്ന സ്ഥാപനത്തിന് മേൽ പറഞ്ഞ ബിൽ പ്രകാരം നൽകിയിട്ടുണ്ട്. പദ്ധതിയുമായി ബന്ധപെട്ട് കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) വാങ്ങൽ സംബന്ധിച്ച് പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനം, ഭരണ സമിതി തീരുമാനം എന്നിവ ലഭ്യമാക്കിയിട്ടില്ല.

2) GEM പോർട്ടലിൽ നടത്തിയ വാങ്ങലിന്റെ പർച്ചേസ് ഓഡർ ലഭ്യമാക്കിയിട്ടില്ല.

3) വാങ്ങിയ മോഡലിന്റെ ശേഷി (LPH), RO/UV സാങ്കേതികവിദ്യ, സ്റ്റോറേജ് കപ്പാസിറ്റി എന്നിവ ആവശ്യത്തിനനുസരിച്ചാണോ നിശ്ചയിച്ചത് എന്ന് തെളിയിക്കുന്ന രേഖകൾ ഫയലിൽ ലഭ്യമല്ല.

4) ഹാജരാക്കിയ സ്റ്റോക്ക് രജിസ്റ്ററിൽ വാട്ടർ പ്യൂരിഫയർ സ്റ്റോക്കിലെടുത്ത തീയതി, പ്രസ്തുത ഉപകരണം ഏതെങ്കിലും ഉദ്യോഗസ്ഥനോ സ്ഥാപനത്തിനോ കൈമാറിയിട്ടുണ്ടെങ്കിൽ അതിന്റെ കൈപ്പറ്റ് വിവരം എന്നിവ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ വാട്ടർ പ്യൂരിഫൈയർ സ്ഥാപനത്തിന് വിതരണം ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമല്ല. കൂടാതെ സ്റ്റോക്ക് രജിസ്റ്ററിലെ രേഖകൾ നിർവഹണ ഉദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടുമില്ല.

5) വാട്ടർ പ്യൂരിഫയർ സ്ഥാപിച്ചതും പ്രവർത്തനക്ഷമമാണെന്നതും തെളിയിക്കുന്ന രേഖകൾ, പ്രോജക്ട് മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഫയലിൽ ലഭ്യമല്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/23.06.2026) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി/ രേഖകൾ ഹാജരാക്കാത്തതിനാൽ ഈ ഇനത്തിലെ ചെലവ് തുകയായ 49,999 രൂപ തടസ്സപ്പെടുത്തുന്നു.

1-17 പട്ടികജാതി വികസന ഓഫീസിൽ പ്രിന്റർ, സ്കാനർ വാങ്ങൽ- അപാകതകൾ - 83497 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവഹണ ഉദ്യോഗസ്ഥൻ	പട്ടികജാതി വികസന ഓഫീസർ
പ്രോജക്ട് നമ്പർ, പേര്	74/2026, പട്ടികജാതി വികസന ഓഫീസിലേക്ക് പ്രിന്റർ സ്കാനർ വാങ്ങൽ
അടങ്കൽ	₹83,497 (മെയിന്റനസ് ഫണ്ട് – നോൺ റോഡ്)
ചെലവ്	ആകെ =₹83,497 FCN -00936889-2025 / 14.01.2026 = ₹43,000 FCN – 00947781-2025 / 16.01.2026 =₹ 40,497

പാനൂർ ബ്ലോക്ക്പഞ്ചായത്തിലെ പട്ടികജാതി വികസന ഓഫീസിൽ പ്രിന്റർ, സ്കാനർ എന്നിവ വാങ്ങുന്നതിന് മേൽ പ്രോജക്ട് പ്രകാരം GEM പോർട്ടൽ മുഖേന RJ Enterprises എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയിസ് നമ്പർ RJEO29717/2025-26 പ്രകാരം 43,000 രൂപ നൽകി പ്രിന്ററും, ഇൻവോയിസ് നമ്പർ. RJ EO3246/2025-26 പ്രകാരം 40,497 രൂപ നൽകി സ്കാനറും വാങ്ങിയിട്ടുണ്ട്. പദ്ധതി സംബന്ധിച്ച് താഴെ പറയുന്ന അപാകങ്ങൾ ഉണ്ട്.

1) ഇതുമായി ബന്ധപ്പെട്ട് ഹാജരാക്കിയ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ, പദ്ധതി നമ്പറോ, വാറണ്ടി ഉറപ്പ് വരുത്തുന്നതിലേക്കും ഉപകരണം പിന്നീട് തിരിച്ചറിയുന്നതിലേക്കുമായി വാങ്ങിയ ഉപകരണങ്ങളുടെ പൂർണ്ണ വിവരണം, വാങ്ങിയ തീയതി, ഇൻവോയിസ് നമ്പർ, തിരിച്ചറിയൽ വിവരങ്ങൾ (Model/Serial Number), സ്റ്റോക്കിൽ ചേർത്ത തീയതി, ഉപകരണങ്ങൾ ഉപയോഗത്തിനായി കൈമാറിയിട്ടുണ്ടെങ്കിൽ കൈപ്പറ്റ് വിവരം, ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ സാക്ഷ്യപ്പെടുത്തൽ എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

2) പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/23.06.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. ഉപകരണങ്ങൾ പുതിയത് വാങ്ങി സ്ഥാപിക്കുമ്പോൾ ആയത് വാറണ്ടി ഉറപ്പുവരുത്തി ഓരോ ഉപകരണങ്ങൾക്കും പ്രത്യേകം പേജ് അനുവദിച്ച് സ്റ്റോക്ക് നമ്പർ, വൗച്ചർ, മോഡൽ, സീരിയൽ നമ്പർ, വില, വാറണ്ടി തുടങ്ങിയ വിവരങ്ങൾ ചേർത്ത് സ്റ്റോക്കിൽ എടുക്കുകയും സ്റ്റോക്ക് നമ്പറും പദ്ധതി നമ്പറും ഉപകരണങ്ങളിൽ രേഖപ്പെടുത്തുകയും സ്റ്റോക്ക് എൻട്രി ഓഫീസ് മേധാവി സാക്ഷ്യപ്പെടുത്തുകയും ചെയ്യേണ്ടതാണ്. കൂടാതെ പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട്

പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. രേഖകളുടെ അഭാവത്തിൽ ചെലവ് തുക 83,497/- രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1–18 അസി. എക്സി. എഞ്ചിനീയറുടെ കാര്യാലയത്തിലേക്ക് വാഹനം വാടകക്ക് എടുക്കൽ കൃത്യമായ രേഖകൾ ലഭ്യമല്ല – 386400 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	അസിസ്റ്റന്റ് എക്സി. എഞ്ചിനീയർ, പാനൂർ ബ്ലോക്ക് പഞ്ചായത്ത്
പ്രോജക്ട് നമ്പർ/പേര്	22/26 അസി. എക്സി. എഞ്ചിനീയറുടെ കാര്യാലയത്തിലേക്ക് വാഹനം വാടകയ്ക്ക് എടുക്കൽ
അടങ്കൽ	₹399400 (തനതു ഫണ്ട്)
ചെലവ്	₹ 363233/-
ബിൽ നമ്പർ/തീയതി/ തുക	227/1/8/25- ₹36000 248/4/9/25 - ₹36000 271/3/10/25 - ₹36000 285/2/11/25- ₹36000 302/3/12/25- ₹36000 351/3/1/26 - ₹36000 405/3/3/26- ₹36000 391/1/2/26- ₹36000 25000002/29/5/25- ₹36000 25000005/10/6/25- ₹36000 25000021/12/8/25 - ₹26400 ആകെ - ₹386400
കരാറുകാരൻ	സഹിഷ്ണു. കെ

മേൽ പ്രോജക്ട് നടപ്പിലാക്കിയതിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1) 5/2/25 വരെയുള്ള പൊല്യൂഷൻ സർട്ടിഫിക്കറ്റ് ആണ് ഹാജരാക്കിയിട്ടുള്ളത്, 7/26 വരെ വാഹനം ഓടിയതായി കാണുന്നു.

2) 22/1/25 വരെ സാധുതയുള്ള Permit ആണ് ഹാജരാക്കിയിട്ടുള്ളത്, 7/26 വരെ വാഹനം ഓടിയതായി കാണുന്നു.

3) ഡ്രൈവറുടെ സാധുതയുള്ള ഡ്രൈവിംഗ് ലൈസൻസ്, വാഹനത്തിന്റെ ഇൻഷുറൻസ് സർട്ടിഫിക്കറ്റ് എന്നിവ ഫയലിൽ ലഭ്യമല്ല.

4) സുലേഖ ചെലവ് പത്രിക പ്രകാരം ആകെ ചെലവ് 3,63,233/- ആണ്. എന്നാൽ ലഭ്യമാക്കിയ രേഖകൾ പ്രകാരം ചെലവ് തുക 3,86,400/- ആണ് .

ഇതുമായി ബന്ധപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (അന്വേ. നം. 01/20.06.2026) ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. പരാമർശിത രേഖകൾ ഹാജരാക്കേണ്ടതും, മേൽപ്രകാരം ചെലവ് തുകയിൽ വ്യത്യാസം വന്നതിന്റെ ചെലവ് രേഖകൾ ലഭ്യമാക്കേണ്ടതുമാണ്. രേഖകൾ ലഭ്യമാക്കാത്തതിനാൽ ചെലവ് തുക 3,86,400/- തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1–19 ഗാർബേജ് പ്രോസസ്സിംഗ് യൂണിറ്റ് ബ്ലോക്ക് ആർ ആർ എഫ് പദ്ധതി പൂർത്തിയായിട്ടില്ല

നിർവഹണ ഉദ്യോഗസ്ഥൻ	അസി. എക്സി. എഞ്ചിനീയർ
പ്രോജക്ട് നമ്പർ / പേര്	99/24 , 76/26 ഗാർബേജ് പ്രോസസ്സിംഗ് യൂണിറ്റ് ബ്ലോക്ക് ആർ ആർ എഫ്
അടങ്കൽ	50,000/- തനത് ഫണ്ട് 2967814/- (മറ്റുള്ളവ)
കോൺട്രാക്ടർ	അജിത് ടി. എം.

പ്രസ്തുത പ്രവൃത്തി 99/24 നമ്പർ പ്രൊജക്ട് ആയി 2023-24 സാമ്പത്തിക വർഷം ആരംഭിച്ചതാണ്. സ്പിൽ ഓവർ പ്രൊജക്ട് ആയി 2024-25 വർഷവും, 2025- 26 വർഷവും നടപ്പാക്കിയിട്ടും പദ്ധതി പൂർത്തിയായിട്ടില്ല. സ്പിൽ ഓവർ പ്രൊജക്ടുകൾ ഏറ്റെടുക്കുന്ന വർഷം തന്നെ പൂർത്തിയാക്കണമെന്നിരിക്കെ രണ്ടു സാമ്പത്തിക വർഷങ്ങളിലായി പ്രസ്തുത പ്രവൃത്തി സ്പിൽ ഓവർ പ്രൊജക്ട് ആയി ഏറ്റെടുത്തെങ്കിലും ആയത് ഇതുവരെ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല.
ഇതുമായി ബന്ധപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (അന്വേ. നം. 11/23.06.2026) ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. കരാറുകാരനിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കേണ്ടതാണ്. ഭാവിയിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

1-20 പദ്ധതികൾ യഥാസമയം പൂർത്തിയാക്കുന്നില്ല

താഴെ പറയുന്ന പ്രൊജക്ടുകൾ 2022-23 സാമ്പത്തിക വർഷം ആരംഭിച്ചതാണ്. സ്പിൽ ഓവർ പ്രൊജക്ട് ആയി 2025-26 വർഷം വരെ നടപ്പാക്കിയിട്ടും പദ്ധതി പൂർത്തിയായതായി കാണുന്നില്ല. പ്രസ്തുത പദ്ധതികൾക്ക് 2025-26 സാമ്പത്തിക വർഷം അടങ്കൽ തുകകൾ വകയിരുത്തിയിട്ടും ആയതിൽ നിന്നും ചെലവൊന്നും ചെയ്തതായി കാണുന്നില്ല. സ്പിൽ ഓവർ പ്രൊജക്ടുകൾ ഏറ്റെടുക്കുന്ന വർഷം തന്നെ പൂർത്തിയാക്കണമെന്നിരിക്കെ മൂന്നു സാമ്പത്തിക വർഷങ്ങളിലായി പ്രസ്തുത പ്രവൃത്തി സ്പിൽ ഓവർ പ്രൊജക്ട് ആയി ഏറ്റെടുത്തെങ്കിലും ആയത് ഇതുവരെ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല.

1) ബ്ലോക്ക് ആഡിറ്റോറിയം ഇന്റീരിയർ ഡി പി ആർ തയ്യാറാക്കൽ

നിർവഹണ ഉദ്യോഗസ്ഥൻ	അസി. എക്സി. എഞ്ചിനീയർ
പ്രോജക്ട് നമ്പർ / പേര്	98/23, 79/26 (Spill Over) ബ്ലോക്ക് ആഡിറ്റോറിയം ഇന്റീരിയർ ഡി പി ആർ തയ്യാറാക്കൽ
അടങ്കൽ	116500/- തനത് ഫണ്ട് (തൻ വർഷം) ചെലവ് - 0
കോൺട്രാക്ടർ	സുജിത് കുമാർ ആർ എസ്

2) പാനൂർ ബ്ലോക്ക് പഞ്ചായത്ത് പുതിയ കെട്ടിട നിർമാണവുമായി ബന്ധപ്പെട്ട് വിശദമായ പ്രൊജക്ട് റിപ്പോർട്ട് തയ്യാറാക്കൽ

നിർവഹണ ഉദ്യോഗസ്ഥൻ	അസി. എക്സി. എഞ്ചിനീയർ
പ്രോജക്ട് നമ്പർ / പേര്	73/23, 77/26 (Spill Over) പാനൂർ ബ്ലോക്ക് പഞ്ചായത്ത് പുതിയ കെട്ടിട നിർമാണവുമായി ബന്ധപ്പെട്ട് വിശദമായ പ്രൊജക്ട് റിപ്പോർട്ട് തയ്യാറാക്കൽ
അടങ്കൽ	50000/- തനത് ഫണ്ട് (തൻ വർഷം) ചെലവ് - 0
കോൺട്രാക്ടർ	എസ് കെ ആർക്കിടെക്ട്സ്

ഇതുമായി ബന്ധപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (അന്വേ. നം. 16) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇത്തരത്തിൽ പ്രവൃത്തികൾ നിയമ വിധേയമല്ലാതെ അനിയന്ത്രിതമായി നീളുന്നതിലും, നീട്ടി നൽകുന്നതിലും ഭരണ വകുപ്പിന്റെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു. പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-21 ബ്ലോക്ക് ആഡിറ്റോറിയം വയറിങ് ആൻഡ് നെറ്റ്വർക്കിങ് (Spill Over Project) അപാകതകൾ

നിർവഹണ ഉദ്യോഗസ്ഥൻ	അസി. എക്സി. എഞ്ചിനീയർ
പ്രോജക്ട് നമ്പർ / പേര്	75/26 ബ്ലോക്ക് ആഡിറ്റോറിയം വയറിങ് ആൻഡ് നെറ്റ്വർക്കിങ് (Spill Over Project)
അടങ്കൽ	351315/- തനത് ഫണ്ട്
ചെലവ്	148385/-
വൗച്ചർ നമ്പർ /തീയ്യതി	BRN 2500223/19/3/26
എഗ്രിമെന്റ് നം. തീ.	AEE/LSGD/PNR/04/22-23 Dt 21-10-22
കോൺട്രാക്ടർ	മധുസൂദനൻ കെ. പി.

പ്രസ്തുത പ്രവൃത്തിയിൽ പൂർത്തീകരണ കാലാവധി കഴിഞ്ഞിട്ടും കരാറുകാരനെ പ്രവൃത്തി തുടരാൻ അനുവദിച്ചതിൽ നിരവധി അപാകതകൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. ആയതിന്റെ വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.
പ്രവൃത്തി പൂർത്തീകരണം സംബന്ധിച്ച നാൾവഴികൾ, അനുബന്ധ വിവരങ്ങൾ:

സൈറ്റ് ഏറ്റെടുത്ത തീയ്യതി : 21-10-22

അന്തിമ അളവ് തിയ്യതി - 27/2/26

പ്രവൃത്തി പൂർത്തീകരണ കാലാവധി -4മാസം

പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നത് - 27/2/26

അപാകതകൾ

1) കേരള പിഡബ്ല്യുഡി മാനുവൽ 2012 സെക്ഷൻ 2112 പ്രകാരം കരാറുകാരന്റെ ഉചിതമാർഗ്ഗേണയുള്ള അപേക്ഷയിൽ പരമാവധി പ്രവൃത്തി പൂർത്തീകരണം ദീർഘിപ്പിക്കാൻ ഉള്ള കാലാവധി യഥാർത്ഥ പ്രവൃത്തി പൂർത്തീകരണ കാലാവധിയുടെ 50 ശതമാനം മാത്രമാണ്. എന്നാൽ ഇവിടെ പ്രവൃത്തി പൂർത്തീകരണ കാലാവധി നിയമം അനുശാസിക്കുന്നതിലുമധികം വളരെ ദീർഘ കാലം സമയം നീട്ടി നൽകിയതായി കാണുന്നു. ഇത് നിയമ വിധേയമല്ല.

2) പ്രവൃത്തി പൂർത്തീകരിക്കാൻ വൈകിയതിന് കരാറുകാരിൽ നിന്നും യാതൊരുവിധ പിഴയും ഈടാക്കിയതായി കാണുന്നില്ല.

3) 5/9 Dt. 10-1-24 തീരുമാന പ്രകാരം ഭരണസമിതി പ്രവർത്തി കാലാവധി നിയമാനുസൃത രീതിയിൽ നീട്ടി നൽകാൻ ശുപാർശ ചെയ്യുന്നുണ്ടെങ്കിലും ആയത് അനുസരിച്ചല്ല പ്രവൃത്തി ദീർഘ കാലം നീട്ടി നൽകിയത് .

4) എന്ത് കാരണത്താൽ പ്രവൃത്തി കാലാവധി നീട്ടി നൽകി എന്ന് വ്യക്തമാക്കുന്ന കരാറുകാരന്റെ കത്ത് ഫയലിൽ ലഭ്യമല്ല.

ഇതുമായി ബന്ധപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (അന്വേ. നം. 2/20.06.2026) ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. കരാറുകാരനിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കേണ്ടതാണ്. ഭാവിയിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കേണ്ടതാണ്.

1-22 ബ്ലോക്ക് പഞ്ചായത്തിൽ മലിനജല ശുചീകരണ പ്ലാന്റ് (Spill Over) അപാകതകൾ

നിർവഹണ ഉദ്യോഗസ്ഥൻ	അസി. എഞ്ചിനീയർ
പ്രോജക്ട് നമ്പർ / പേര്	96/26 ബ്ലോക്ക് പഞ്ചായത്തിൽ മലിനജല ശുചീകരണ പ്ലാന്റ് (Spill Over)
അടങ്കൽ	55000/- തനത് ഫണ്ട് 70000/- വികസന ഫണ്ട് പൊതു വിഭാഗം
ചെലവ്	34956/-വികസന ഫണ്ട് പൊതു വിഭാഗം
വൗച്ചർ നമ്പർ /തീയ്യതി	BRN 25000235/23-3-26= 34956
എഗ്രിമെന്റ് നം.തീ.	AEE/LSGD/PNR/21/23-24 29-2-24
കോൺട്രാക്ടർ	സജീവൻ പി പി

പ്രസ്തുത പ്രവൃത്തിയിൽ പൂർത്തീകരണ കാലാവധി കഴിഞ്ഞിട്ടും കരാറുകാരനെ പ്രവൃത്തി തുടരാൻ അനുവദിച്ചതിൽ നിരവധി അപാകതകൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. ആയതിന്റെ വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

പ്രവൃത്തി പൂർത്തീകരണം സംബന്ധിച്ച നാൾവഴികൾ, അനുബന്ധ വിവരങ്ങൾ:

സൈറ്റ് ഏറ്റെടുത്ത തീയ്യതി : 09-3-24

അന്തിമ അളവ് തിയ്യതി :14-7-25

പ്രവൃത്തി പൂർത്തീകരണ കാലാവധി 6 മാസം

പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നത് - 14-7-25

അപാകതകൾ

1) കേരള പിഡബ്ല്യുഡി മാനുവൽ 2012 സെക്ഷൻ 2112 പ്രകാരം കരാറുകാരന്റെ ഉചിതമാർഗ്ഗേണയുള്ള അപേക്ഷയിൽ പരമാവധി പ്രവൃത്തി പൂർത്തീകരണം ദീർഘിപ്പിക്കാൻ ഉള്ള കാലാവധി യഥാർത്ഥ പ്രവൃത്തി പൂർത്തീകരണ കാലാവധിയുടെ 50 ശതമാനം മാത്രമാണ്. എന്നാൽ ഇവിടെ പ്രവൃത്തി പൂർത്തീകരണ കാലാവധി നിയമം അനുശാസിക്കുന്നതിലുമധികം വളരെ ദീർഘ കാലം സമയം നീട്ടി നൽകിയതായി കാണുന്നു. ഇത് നിയമ വിധേയമല്ല .

2) പ്രവൃത്തി പൂർത്തീകരിക്കാൻ വൈകിയതിന് കരാറുകാരിൽ നിന്നും നിയമം അനുശാസിക്കുംവിധം പിഴ

ഈടാക്കിയതായി കാണുന്നില്ല

3) 5(1)/25-26 Dt 27/10/25, 5(7) Dt 31-7-24 എന്നീ തീരുമാനങ്ങൾ പ്രകാരം ഭരണസമിതി പ്രവൃത്തി കാലാവധി നീട്ടി നൽകാൻ ശുപാർശ ചെയ്യുന്നുണ്ടെങ്കിലും , നിയമം അനുശാസിക്കും വിധമല്ല ശുപാർശ നൽകിയിരിക്കുന്നത്

4) എന്ത് കാരണത്താൽ പ്രവൃത്തി കാലാവധി നീട്ടി നൽകണം എന്ന് വ്യക്തമാക്കുന്ന കരാറുകാരന്റെ കത്ത് ഫയലിൽ ലഭ്യമല്ല .

ഇതുമായി ബന്ധപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (അന്വേ. നം. 19/24.06.2024) ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. കരാറുകാരനിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കേണ്ടതാണ്. ഭാവിയിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കേണ്ടതാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 മെഡിസെപ് - ജീവനക്കാരിൽ നിന്നും 2025-26 വർഷം പ്രീമിയം തുക ഈടാക്കിയതിന്റെ വിവരം.

കാറ്റഗറി (1)	ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ/ പെൻഷൻ ഗുണഭോക്താക്കളുടെ എണ്ണം (2)	മെഡിസെപ് പ്രീമിയം ഇനത്തിൽ ജീവനക്കാരിൽ നിന്നും/പെൻഷൻ ഗുണഭോക്താക്കളിൽ നിന്നും പോളിസി വർഷത്തെ പ്രീമിയം കുടിശ്ശിക ഉൾപ്പെടെ ഓഡിറ്റ് വർഷം ഈടാക്കിയ തുക (3)	കോളം (3) പ്രകാരം ഈടാക്കിയ മെഡിസെപ് പ്രീമിയം തുകയിൽ ഒടുക്കിയ തുക (4)	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക (5)	റിമാർക്സ് (6)
റഗുലർ ജീവനക്കാർ	27	143602	143602	-	-

4-2 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/തീയതി
2025-26	19-06-2026 & 20-06-2026	കെ.എസ്.എ./കെ.എൻ.ആർ./സി.11/949/2026 തീയതി: 07.10.2026

4-3 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

ക്രമ നമ്പർ	വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക	പ്രൊജക്ടിന്റെ നമ്പർ, പേര്	മുന്നിരിപ്പ് ഉൾപ്പെടെ ആകെ	ചെലവ്	ബാലൻസ്
1	DISTRICT PANCHAYTH	2025-26	1960000	1.LIFE - PMAY	0	1960000	0

2	GRAMA PANCHAYATH	2025-26	770000	1.LIFE – PMAY	0	770000	0

4-4 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്, പ്രോജക്ട് നമ്പർ	നല്കിയ തുക (₹)	ബിൽ നമ്പർ തീയതി	വിനിയോഗിച്ച തുക (₹)	റിമാർക്സ്
GWD	BORE WELL CONSTRUCTION AT INDUSTRIAL ESTATE	90000/-	FNCR - 00946984 -2025	0	വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല

4-5 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-6 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

4-7 സ്ഥിര നിക്ഷേപം

ഇല്ല.

4-8 ഓഡിറ്റ് റിക്കവറി

ഇല്ല

4-9 സമാഹൃതഓഡിറ്റ്റിപ്പോർട്ട്

ഇല്ല

4-10 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-11 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	:	₹37238288
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	:	₹37536150
വരവിനങ്ങളിലുള്ള നഷ്ടം	:	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	:	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	:	1060271

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക(₹)	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-10	1105	ശ്രീ തോമസ് ടി. ഡി., സെക്രട്ടറി
1-11	294084	ഡോ. അശ്വതി ഭരത് പി., മെഡിക്കൽ ഓഫീസർ, PHC(പന്ന്യന്നൂർ)
1-13	90000	ശ്രീ തോമസ് ടി. ഡി., സെക്രട്ടറി
1-14	77359	ഡോ. അശ്വതി ഭരത് പി., മെഡിക്കൽ ഓഫീസർ, PHC(പന്ന്യന്നൂർ)
1-15	77827	ശ്രീ തോമസ് ടി. ഡി., സെക്രട്ടറി
1-16	49999	സയീദ നസറിൻ ടി., SCDO
1-17	83497	സയീദ നസറിൻ ടി., പട്ടികജാതി വികസന ഓഫീസർ, പാനൂർ ബ്ലോക്ക്
1-18	386400	സീജ എൻ. പി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പാനൂർ ബ്ലോക്ക്
ആകെ	1060271	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ഡോ.അശ്വതി ഭരത് പി., മെഡിക്കൽ ഓഫീസർ(PHC)	മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. പന്ന്യന്നൂർ	ഭാസുര ഹൗസ്, ളുവക്കുന്ന്(പി.ഒ.), പിൻ-670693
ശ്രീ തോമസ് ടി.ഡി., സെക്രട്ടറി	സെക്രട്ടറി, പാനൂർ ബ്ലോക്ക് പഞ്ചായത്ത്	തടത്തിൽ ഹൗസ്, പൂളക്കുറ്റി(പി.ഒ.), ചിറ്റാരിപ്പറമ്പ്, പിൻ-670650
സയീദ നസറിൻ . ടി	പട്ടികജാതി വികസന ഓഫീസർ, പാനൂർ ബ്ലോക്ക്	താഴെപുര തയ്യിൽ മേമുണ്ട പോസ്റ്റ് വടകര
സീജ എൻ. പി	അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പാനൂർ ബ്ലോക്ക്	ആനന്ദ്, നിയർ മനക്കൽ ക്ഷേത്രം, നരവൂർ, കുത്തുപറമ്പ് 670643

4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് റിപ്പോർട്ട് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
2013-14, 2014-15	കെഎസ്എ/കെഎൻആർ/സി.9/758/2023 തീ.30.05.2023	1
2015-16	കെഎസ്എ/കെഎൻആർ/സി.9/758/2023 തീ.30.05.2023	1

2017-18	കെഎസ്എ/കെഎൻആർ/സി.9/758/2023 തീ.30.05.2023	1
2019-20	കെ.എസ്.എ./കെ.എൻ.ആർ./സി.9/456/2022 തീയതി: 20.05.2022	2
2020-21	കെ.എസ്.എ./കെ.എൻ.ആർ./സി.9/457/2022 തീയതി: 20.05.2022	6
2021-22	കെ.എസ്.എ./കെ.എൻ.ആർ./സി.9/1542/2022 തീയതി: 30.11.2022	5
2022-23	കെ.എസ്.എ/കെ.എൻ.ആർ/സി9/925/2023 തീയതി:11.09.2023	14
2023-24	കെ.എസ്.എ/കെ.എൻ.ആർ/സി9/925/2023 തീയതി:11.09.2023	22
2024-25	കെ.എസ്.എ/കെ.എൻ.ആർ/സി11/54/2025 തീയതി: 11.02.2026	21

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

Annexure 1

Audit Certificate

i. I have audited the attached Financial statements approved vide resolution number 2(1)/26-27 dated 29-05-2026 and submitted on 04-06-2026 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2026 and Balance sheet as on 31-03- 2026 , with supporting forms, of the Panoor Block Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2025-2026 and Financial position of Panoor Block Panchayat as on 31-03-2026

Date: 07/10/2026

Senior Deputy Director
District Office Kannur
Kerala State Audit Department

Audit Report appended to the Audit Certificate of Panoor Block Panchayat for the Year 2025-2026 .

1.Major Observations

Nil

2.Other Observations

1. The comparative figures of the previous year, Basic ratios have not been included in the annual financial statements.
2.The asset register verifying the value of assets in Schedule B-9 was not made available.
3.Details of reconciliation amount shown in bank reconciliation statement not produced for verification.
4.Details regarding the amounts included under various receipt and expenditure head of MGNREGS are not produced for

verification.
5.The Tender form stock and sale register was not produced.
6.

a)The depreciation amount of vehicle exceeds the asset value
b)Furniture, Fixtures, Fittings & Electrical Appliances - Total depreciation do not match with the previous year B10 and current year I 18
C)Depreciation was recorded on assets that are not owned by the block panchayath.
D)The records to verify the depreciation recorded in schedule B10 were not made available
7.Electricity Micro Hydel Project - The amount 16,00,000 recorded as an asset in the previous year was recorded as a deposit in the current year
8.Plant & Machinery, Other Fixed Asset, Other Buildings, School Buildings -Â Total asset value do not agree with P18(current), B11(previous)
9.The Stale cheques have not been credited back to own fund account.
10.The amount given for Deposit work is not included in B 18 Schedule.
11.The details of other liability payable were not given.
12.Municipal Corporation fund receipt is not included in the A.F.S.
13.The details of prior period items were not given.
14.Capital Work in Progress - The reason for the amount adjusted is not given.
15.Grant from Other Government Agencies -Â Discrepancy in the closing balance amount.

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ പാനൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2025-2026 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-3-1

റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

Panoor Block Panchayat RECEIPT & PAYMENT STATEMENT			
For the period from 01-April-2025 to 31 March-2026			
Code. No.	Description of Items	Schedule No	Amount
	RECEIPTS		
	Opening Balance		
Bank	Bank	OB	7104786.00
	Operating		
1300000	Rental income	R3	8496.00
1400000	Fees & User Charges	R4	303475.00
1500000	Sale & Hire Charges	R5	34188.00
1600000	Revenue Grants, Contributions and Subsidies	R6	23750.00
1700000	Income from Investments	R7	1600.00
1710000	Interest Earned	R8	174395.00
1800000	Other Income	R9	9478.00
3200000	Grants, Funds & Contributions for Specific Purposes	R11	1472685.00
3400000	Deposits Received	R13	240418.00
3500000	Sundry Creditors	R14	135306.00
4310000	Sundry Debtors	R20	5121695.00
4310000	Sundry Debtors	R17	28988250.00
4600000	Advances Received	R18	724552.00
	Non Operating		
	TOTAL RECEIPT		37238288.00
	GRAND TOTAL (Opening Balance+ Receipt)		44343074.00
	PAYMENTS		
	Operating		
2100000	Establishment Expenses	P1	2319134.00
2200000	Administrative Expenses	P2	834966.00
2300000	Operations & Maintenance	P3	646154.00

2400000	Interest on Loans	P4	1753.00
2500000	Programme Expenses	P5	658982.00
2510000	Expenses related to Productive Sector	P6	1400001.00
2520000	Expenses related to Service Sector	P7	9500712.00
2530000	Expenses related to Infrastructure Sector	P8	1559145.00
2550000	Expenses related to Joint Venture Projects	P10	3518973.00
2800000	Prior Period Item	P12	5604.00
3400000	Deposits Paid	P16	185140.00
3500000	Sundry Creditors	P17	4179512.00
4100000	Fixed Assets	P18	6030308.00
4310000	Redemption amount	P24	5128413.00
4600000	Loans, Advances and Deposits	P23	1567353.00
	Non Operating		
	TOTAL PAYMENT		37536150.00
	Closing Balance		
Bank	Bank	CB	6806924.00
Cash	Cash	CB	0.0
	Grand Total (Payment + Closing Balance)		44343074.00

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
കണ്ണൂർ ജില്ലാ ഓഡിറ്റ് കാര്യാലയം.

അനുബന്ധം-3-2

ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

Panoor Block Panchayat INCOME & EXPENDITURE STATEMENT			
For the period from 01-April-2025 to 31-March-2026			
Code.No	Description of Items	Schedule No.	Amount
	INCOME		
1300000	Rental Income from Panchayat / Municipal Properties	I - 3	163646.00
1400000	Fees and User Charges Remission and Refund	I - 4(a)	99818.00
1400000	Fees and User Charges Remission and Refund	I - 4	249729.00
1500000	Sale & Hire Charges	I - 5	34188.00
1600000	Revenue Grants, Funds, Contributions & Compensations / Subsidies	I - 6	30650515.00
1700000	Income from Investments	I - 7	1600.00
1710000	Interest Earned	I - 8	75722.00
1800000	Other Income	I - 9	17998.00
	Total Income		31293216.00
	EXPENDITURE		
2100000	Establishment Expenses	I - 10	2319134.00
2200000	Administrative Expenses	I - 11	834966.00
2300000	Operations & Maintenance	I - 12	646154.00
2400000	Interest & Finance Charges	I - 13	1753.00
2500000	Programme Expenses	I - 14	1360284.00
2510000	Expenses related to Productive Sector	I - 14(a)	3953790.00
2520000	Expenses related to Service Sector	I - 14(b)	12243877.00
2530000	Expenses related to Infrastructure Sector	I - 14(c)	2697930.00
2550000	Expenses related to Joint Venture Projects	I - 14(e)	3546079.00
2720000	Depreciation	I - 18	1674742.00
	Total Expenditure		29278709.00
	Gross Surplus / Deficit of income over Expenditure		2014507.00
2800000	Prior Period Item	I - 19	-5010.00
	Gross Surplus/Deficit of Income over Expenditure after prior period items.		2019517.00

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,

കണ്ണൂർ ജില്ലാ ഓഡിറ്റ് കാര്യാലയം.

അനുബന്ധം-3-3

ബാലൻസ് ഷീറ്റ്

Panoor Block Panchayat BALANCE SHEET			
For the period from 01-April-2025 to 31-March-2026			
Code.No	Description of Items	Schedule No	Amount
	LIABILITIES		
	Reserve & Surplus		
3100000	Panchayat / Municipal Fund	B1	18489298.00
3120000	Reserves	B3	45387919.00
	Total Reserve & Surplus		63877217.00
	Grants, Contributions for Specific Purposes		
3200000	Grants, Funds & Contribution for Specific Purposes	B4	4622383.00
	Total Grants, Contributions for Specific Purposes		4622383.00
	Loans		
	Current Liabilities & Provisions		
3400000	Deposits Received	B7	269545.00
3500000	Other Liabilities	B8	127214.00
	Total Current Liabilities and Provisions		396759.00
	Total LIABILITY		68896359.00
	ASSETS		
	Fixed Assets		
4100000	Fixed Assets	B9	76320342.00
4110000	Accumulated Depreciation	B10	-20272598.00
4120000	Capital Work in Progress	B11	0.0
	Total Fixed Assets		56047744.00
	Investments		
	Current Assets, Loans and Advances		
4310000	Sundry Debtors (Receivables)	B14	5128413.00
4500000	Cash and Bank Balance	B17	6806924.00
4600000	Loans, Advances and Deposits	B18	913278.00
	Total Current Assets, Loans and Advances		12848615.00
	TOTAL ASSET		68896359.00

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
കണ്ണൂർ ജില്ലാ ഓഡിറ്റ് കാര്യാലയം.